# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 27

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 29 വരെയും 525 രൂപ പിഴയോടെ 30 വരെയും 1050 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/129/2020)

## പരീക്ഷ ഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.കോം (സി.എസ്.എസ്.) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ തടഞ്ഞുവച്ചിരുന്ന എം.കോം. ടാക്സേഷൻ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/130/2020)

### എം.ജിയിൽ റിപ്പബ്ലിക് ദിനാഘോഷം

## മതേതരത്വം നമ്മുടെ ശക്തി:

## പ്രൊഫ. സാബു തോമസ്

മതേതരത്വമാണ് നമ്മുടെ ഏറ്റവും വലിയ ശക്തിയെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയിൽ നടന്ന എഴുപത്തിയൊന്നാമത് റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ ദേശീയപതാക ഉയർത്തിയ ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്ന അദ്ദേഹം. മതസൗഹാർദ്ദവും സാഹോദര്യവും കാത്തുസൂക്ഷിക്കുന്നതിന് എല്ലാവരും പ്രതിജ്ഞാബദ്ധരാണ്. ഇന്ത്യയുടെ ജനായത്തഭരണം ലോകത്തിന് മാതൃകയാണ്. ശാസ്ത്ര-സാങ്കേതിക രംഗത്ത് നിരവധി നേട്ടങ്ങൾ നമുക്ക് കൈവരിക്കാനായിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്താനുള്ള കൂട്ടായയത്നം വേണമെന്നും അദ്ദേഹം പറഞ്ഞു.

സുരക്ഷാ ജീവനക്കാരുടെ പരേഡിൽ അഭിവാദ്യം സ്വീകരിച്ചശേഷമാണ് ദേശീയ പതാകയുയർത്തിയത്. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയപതാകയുയർത്തുന്നു.**

**മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് റിപ്പബ്ലിക് ദിന സന്ദേശം നൽകുന്നു.**

(പി.ആർ.ഒ/39/131/2020)

## പ്രൊഫ. ഇ.വി. രാമസാമിക്ക് ഡ്യോ-ഇന്ത്യ പ്രൊഫസർ ഫെലോഷിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവിഭാഗം മേധാവി പ്രൊഫ. ഇ.വി. രാമസാമിക്ക് ഡ്യോ-ഇന്ത്യ പ്രൊഫസർ ഫെലോഷിപ്പ്. ഇന്ത്യയും യൂറോപ്യൻ രാജ്യങ്ങളും തമ്മിലുള്ള അക്കാദമിക സഹകരണം വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള അധ്യാപക കൈമാറ്റം സാധ്യമാക്കുന്നതാണ് ഡ്യോ-ഇന്ത്യ പ്രൊഫസർ ഫെലോഷിപ്പ്. ഇന്ത്യയിൽ നിന്ന് 50 അധ്യാപകരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. യൂറോപ്പിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിലെയും ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപകർക്ക് ഇരു രാജ്യങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കാനും പഠനം നടത്താനും ഫെലോഷിപ്പ് സഹായകമാകും. ഏപ്രിൽ-മെയ് മാസങ്ങളിൽ നെതർലന്റിലെ ഗ്രോനിൻജൻ സർവകലാശാലയിലെ ആർട്ടിക് സെന്റർ സന്ദർശിച്ച് ഒരു മാസത്തെ സംയുക്ത ഗവേഷണത്തിന് പ്രൊഫ. ഇ.വി. രാമസാമിക്ക് ഇതിലൂടെ അവസരമൊരുങ്ങും. ആർട്ടിക് സെന്ററിലെ പ്രൊഫസർ മാർട്ടിനസ് ലൂനനുമായി ചേർന്നാണ് മൈക്രോപ്ലാസ്റ്റിക്കുകളെക്കുറിച്ചുള്ള ഗവേഷണം നടത്തും. ഫെലോഷിപ്പിന്റെ ഭാഗമായി പ്രൊഫ. മാർട്ടിനസ് ലൂനൻ എം.ജി. സർവകലാശാല സന്ദർശിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. ഇ.വി. രാമസാമി**

(പി.ആർ.ഒ/39/132/2020)

## ഡോ. സുരേഷ് മാത്യുവിന് 'നെറ്റ്സ്-ഇറ്റാസ്' പുരസ്കാരം

തെർമൽ അനാലിസിസ് ഗവേഷണ മേഖലയിലെ മികച്ച സംഭാവനകൾക്ക് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ 'നെറ്റ്സ് - ഇറ്റാസ്' പുരസ്കാരത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെമിക്കൽ സയൻസസ് അധ്യാപകൻ പ്രൊഫ. സുരേഷ് മാത്യു അർഹനായി. ജനുവരി 30 ന് മുംബയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നടക്കുന്ന 'ഇറ്റാസ്' സിമ്പോസിയത്തിൽ പുരസ്കാരം സമ്മാനിക്കും. ജർമനിയിലെ അലക്സാണ്ടർ ഫൊൺ ഹംബോൾട്ട് ഫെലോയായ ഡോ. സുരേഷ് മാത്യു സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മുൻ ഡയറക്ടറും അഡ്വാൻസ്ഡ് മോളിക്യൂലർ മെറ്റീരിയൽസ് റിസർച്ച് സെന്റർ സ്ഥാപക ഡയറക്ടറുമാണ്. തെർമൽ അനാലിസിസ് മേഖലയിൽ അനേകം ഗവേഷണ പ്രസിദ്ധീകരണങ്ങളും പേറ്റന്റുകളുമുണ്ട്. തായ്‌വാനിലെ ലുൻഗ്വ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, പോളണ്ടിലെ റെസോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ വിസിറ്റിംഗ് പ്രൊഫസറാണ്.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സുരേഷ് മാത്യു**

(പി.ആർ.ഒ/39/133/2020)

# DUO-India Professor Fellowship Award to MGU Professor

Professor E.V.Ramasamy, Director ,School of Environmental Sciences & Dean, Faculty of Environmental and Atmospheric Sciences of Mahatma Gandhi University has been awarded with DUO-INDIA Professor fellowship. DUO-India Fellowship Programme was established in 2019 with the aim of promoting exchange of people between India and European countries. DUO-India aims to fund every year, 50 professor-pairs for exchanges for one month, starting from 2020 onwards aiming to provide mobility between Indian and European institutes. Thus Professor Ramasamy has been selected as one among the first batch of 50 Professors selected from all over India, and he is the first and only Professor from Mahatma Gandhi University, Kerala selected for this award in 2020. For this program, only such institutes which are part of the Joint Research

Projects under Scheme for Promotion of Academic and Research Collaboration (SPARC) are eligible to participate, as MGU is one among the SPARC universities, the faculty members are eligible to apply for this award.

The exchange is done by pairs- one professor from Indian Higher Education Institute (HEI) is hosted by a European institutes and *vice versa*. Accordingly Professor Martinus Loonen, from Arctic Centre, University of Groningen, Netherlands will be the host Institute Professor visiting MGU for one month during April - May this year. Similarly Professor Ramasamy (MGU) will visit Arctic Centre, University of Groningen during September-October 2020.

This DUO-India exchange award is given for a collaborative research proposal submitted by the pair on Microplastics (MPs) research, which is of great concern globally but less studied in India. United Nations Environment Program (UNEP) lists Microplastics as one among the ten important global environmental issues along with Climate change. This proposal is an attempt to develop research on MPs in the Environment in India. The Host Institute Professor (Dr Loonen) is an expert in Barnacle geese (A bird predominant in Arctic Environment) and in many other birds. He works in Arctic Environment and recently developed interest in the occurrence of MPs in the bird droppings. Prof. Ramasamy met Dr Loonen at Ny-Alesund, Svalbard (Arctic , Norway) during his recent visit to Ny-Alesund as a part of Indian Arctic Expedition in July 2019. Both had discussions on the spread of MPs in soil and water; contaminating the food chain; also discussed on the role of birds in distributing the MPs etc. It was then decided by both to have a collaborative research program on MPs in bird droppings and in the soil environment. This collaborative research through DUO-INDIA will form an important part of Microplastics research particularly on the land based sources of Microplastics being carried out by Professor E.V.Ramasamy in India.

## MGU Faculty Dr.Suresh Mathew bags Netzsch-ITAS Award

**Dr.Suresh Mathew,** Professor, School of Chemical Sciences, Mahatma Gandhi University has been chosen for Netzsch-ITAS Award 2020 by the Indian Thermal Analysis Society which is given to persons in recognition of their outstanding contributions in the field of Thermal Analysis Research. The Award carries a citation and a cash prize which is being presented at the bi annual Thermal Analysis Symposium at Bhabha Atomic Research Centre (BARC), Mumbai on January 30, 2020. Prof Mathew is an Alexander-von-Humboldt Fellow and is the Former Director of School of Chemical Sciences and the Founder Director of Advanced Molecular Materials Research (AMMRC) Centre. He has many international publications and patents in the area of

Thermal Analysis to his credit. He is a Visiting Professor at Lungwa University of Science and Technology, Taiwan and Rzeszow University of Technology, Poland.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ